പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5263 06.02.2014 -ൽ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി. ചെയിൻ സർവ്വീസുകൾ

**ചോദ്യം**

ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി. ഗീതാ ഗോപി :
ശ്രീ. വി. ശശി :
" ഇ. ചന്ദ്രശേഖരൻ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ എത്ര ചെയിൻ സർവ്വീസുകൾ ഓടിച്ചിരുന്നുവെന്നും അവയിൽ എത്രയെണ്ണം നിറുത്തലാക്കിയെന്നും ഇവ നിറുത്തലാക്കാനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കുമോ ; | (എ) | 217 റൂട്ടുകളിലായി 1195 ചെയിൻ സർവ്വീസുകൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി അനുവാദം നൽകിയിട്ടുണ്ട്. ഇവയിലൊന്നും തന്നെ നിർത്തലാക്കിയിട്ടില്ല. എന്നാൽ വരുമാനക്കുറവ് മൂലവും ബസ്സിന്റെ അഭാവം മൂലവും ചില ചെയിൻ സർവ്വീസുകൾ കൃത്യമായി നടത്തുവാൻ കഴിയാറില്ല. |
| (ബി) | പോയിന്റ് ടു പോയിന്റ്, എന്റ് ടു എന്റ്, രാജധാനി റിംഗ് സർവ്വീസ് എന്നീ വിഭാഗങ്ങളിൽ എത്ര സർവ്വീസുകൾ വീതം നടത്തുന്നുണ്ട് ; ഇവ ലാഭകരമായി നടത്തുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇവ പുനഃക്രമീകരിച്ച് ലാഭകരമാക്കുന്നതിനുള്ള എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ ; | (ബി) | 12 പോയിന്റ് ടു പോയിന്റ് സർവ്വീസ് നടത്തുവാൻ അനുവാദം നൽകിയിട്ടുള്ളതിൽ നിലമ്പൂരിലെ 4 എണ്ണം ഒഴികെ 8 എണ്ണം കൃത്യമായി നടത്തുന്നുണ്ട്. എന്റ് ടു എന്റ് വിഭാഗത്തിൽ 2 സർവ്വീസുകൾ നടത്തുന്നുണ്ട്. രാജധാനി റിംഗ് റോഡ് സർവ്വീസുകൾ 13 എണ്ണം നടത്തുന്നുണ്ട്. പോയിന്റ് ടു പോയിന്റ് സർവ്വീസുകൾ ലാഭവും നഷ്ടവുമില്ലാത്ത അവസ്ഥയിലാണ് നടത്തുന്നതെങ്കിലും ഇതരവിഭാഗം സർവ്വീസുകൾ കണക്കുകൾ പ്രകാരം നഷ്ടത്തിലാണെന്ന് കാണാം. കെ.എസ്. ആർ.ടി.സി.യുടെ എല്ലാ സർവ്വീസുകൾക്കും കുറഞ്ഞത് പതിനായിരം രൂപ വരുമാനം ലഭ്യമാകുന്ന രീതിയിൽ പുനഃക്രമീകരണം നടത്തുന്ന പ്രക്രിയ |

| | | | |
|---|---|---|---|
| | | | നടന്നുവരികയാണ്. അക്കൂട്ടത്തിൽ ഇവയും പരിശോധനക്ക് വിധേയമാക്കുന്നതാണ്. |
| (സി) | കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി. നിറുത്തലാക്കിയ സർവ്വീസുകൾ എത്രയെന്നും ഇവ നിറുത്തലാക്കാനുള്ള കാരണങ്ങൾ എന്തെന്നും വിശദമാക്കുമോ ? | (സി) | ഒരു സർവ്വീസും കെ.എസ്.ആർ.ടി.സി സ്ഥിരമായി നിർത്തലാക്കിയിട്ടില്ല. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുമ്പോൾ തീരെ വരുമാനക്കുറവുള്ള സർവ്വീസുകൾ താൽക്കാലികമായി റദ്ദാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ